## പൊതുമരാമത്ത്, ജലസേചന വകുപ്പുകളിലെ കരാർ കുടിശ്ശിക

168 (503) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകളിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച വകയിൽ കരാറുകാർക്ക് എത്ര തുക കുടിശ്ശികയായി നൽകാനുണ്ടെന്ന് പ്രത്യേകം വിശദമാക്കാമോ ;

(ബി) ഈ തുക നൽകാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

### ഉത്തരം

(എ) ഭരണവകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത് പാലം) വകുപ്പിൽ 1-8-2013 മുതൽ 31-1-2014 വരെ 714 കോടി രൂപയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 1-8-2013 മുതൽ 31-3-2014 വരെ 337.91 കോടി രൂപയും ജലവിഭവ വകുപ്പിൽ 1.9.2013 മുതൽ 31.10.2013 വരെ 44.29 കോടി രൂപയും കരാറുകാർക്ക് കുടിശ്ശികയായി നൽകാനുണ്ട്.

(ബി) കരാറുകാരുടെ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിലെ 2013 ആഗസ്റ്റ് മാസത്തേയും ജലസേചന വകുപ്പിലെ 2013 സെപ്തംബർ മാസത്തേയും ബില്ലുകൾ ഉടനെ കൊടുത്തു തീർക്കുന്നതാണ്.

## സ്വകാര്യ ബാങ്കുകളിലെ സർക്കാർ നിക്ഷേപങ്ങൾ

169 (504) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിക്ഷേപങ്ങൾ സ്വകാര്യ ബാങ്കുകൾക്ക് നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്നും പ്രസ്തുത അനുമതി നൽകിയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ഫണ്ടുകൾ സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിക്കാൻ അനുമതി നൽകാറില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങൾ സ്വകാര്യ ബാങ്കുകൾക്ക് നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly